# പതിമൂന്നാം കേരള നിയമസഭ

# (THIRTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി XIV

## (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ

## (HOME AFFAIRS)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## അഞ്ചാമത് റിപ്പോർട്ട്
## (2015-2016)

## FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2015-2016)

2015 ജൂൺ 8-ാം തീയതി സമർപ്പിച്ചത്
(Presented on 8th June, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി XIV

# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ

## (HOME AFFAIRS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**
**(2015-2016)**

**FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2015-2016)**

449/2015.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി XIV

## (ആഭ്യന്തര കാര്യങ്ങൾ)

## (2013-2016)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. ഉമ്മൻ ചാണ്ടി,
മുഖ്യമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. രമേശ് ചെന്നിത്തല,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ശ്രീ. ബെന്നി ബെഹനാൻ*

ശ്രീ. സി. ദിവാകരൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. മാത്യു റ്റി. തോമസ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രീ, അണ്ടർ സെക്രട്ടറി.

---

*ശ്രീ. ബെന്നി ബെഹനാൻ 2014 ഏപ്രിൽ 29-ാം തീയതിയിലെ 535-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം സമിതി അംഗമായി.

## അവതാരിക

2015-2016 സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ വിഷയനിർണ്ണയ സമിതി XIV (ആഭ്യന്തര കാര്യങ്ങൾ)-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2015 ഏപ്രിൽ 21, 28 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന II —സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

ധനാഭ്യർത്ഥന III —നീതിന്യായ നിർവ്വഹണം

ധനാഭ്യർത്ഥന IV —തെരഞ്ഞെടുപ്പുകൾ

ധനാഭ്യർത്ഥന XII —പോലീസ്

ധനാഭ്യർത്ഥന XIII —ജയിലുകൾ

ധനാഭ്യർത്ഥന XIV —സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

ധനാഭ്യർത്ഥന XVIII —വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന XXIII —വാർത്താവിതരണവും പ്രചരണവും

ധനാഭ്യർത്ഥന XXIV —തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

ധനാഭ്യർത്ഥന XXV —പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2015 മേയ് 6-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഉമ്മൻ ചാണ്ടി,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XIV.*

തിരുവനന്തപുരം,
2015 മേയ് 6.

# റിപ്പോർട്ട്

2015-16 സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകൾ, 2015 ഏപ്രിൽ 21, 28 തീയതികളിൽ യോഗം ചേർന്ന് സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകളുടെയും ഉദ്യോഗസ്ഥരിൽനിന്നും ലഭിച്ച അധികവിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ധനാഭ്യർത്ഥന സംബന്ധിച്ചും സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു:

## ധനാഭ്യർത്ഥന നമ്പർ II—സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

വോട്ടുചെയ്തത് : 618,74,65,000 രൂപ

ചാർജ് ചെയ്തത് : 141,75,48,000 രൂപ

2013—മന്ത്രിസഭ

2013-00-101-99—മന്ത്രിമാരുടെ ശമ്പളം

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 14,36,000 രൂപ

1. ഈ ശീർഷകത്തിൽ 2014-15 വർഷം 22,79,488 രൂപ ചെലവ് വന്നിട്ടുള്ളതിനാലും പ്രസ്തുത വർഷത്തെ ക്ലെയിമുകൾ ഇനിയും കുടിശ്ശികയുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 20,00,000 രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2013-00-104-99—അതിഥി സൽക്കാരച്ചെലവുകൾ

വിഹിതം : 54,00,000 രൂപ

2. മുൻ സാമ്പത്തികവർഷത്തെ ചെലവ് ഈ വർഷവും പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 15,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2013-00-800-99—മന്ത്രിസഭ—മറ്റു ചെലവുകൾ—ഓഫീസ് ചെലവുകൾ

വിഹിതം : 1,30,00,000 രൂപ

3. മുൻ സാമ്പത്തികവർഷം ചെലവായ തുകയ്ക്ക് ആനുപാതികമായി ഈ സാമ്പത്തികവർഷം ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2051-00-102-99—പബ്ലിക് സർവ്വീസ് കമ്മീഷൻ

വിഹിതം : 130,15,58,000 രൂപ.

4. പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി തുക അനുവദിച്ചതിൽ, പാർട്ട്-ടൈം ജീവനക്കാരുടെയും ദിവസവേതനക്കാരുടെയും വേതനം, പരീക്ഷാ നടത്തിപ്പുമായും ഇന്റർവ്യൂ സംബന്ധമായുമുള്ള ജീവനക്കാരുടെയും കമ്മീഷൻ അംഗങ്ങളുടെയും വിഷയ വിദഗ്ധരുടെയും യാത്രാചെലവുകൾ, ജീവനക്കാരുടെ അവധിയാത്രാനുകൂല്യം, കമ്മീഷന്റെ ഓഫീസുകളുടെയും ചെയർമാന്റെ ഔദ്യോഗിക വസതിയുടെയും വാടക എന്നീയിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 02—വേതനം എന്നയിനത്തിൽ 20,00,000 രൂപയും 04—യാത്രാചെലവിൽ യാത്രാബത്ത എന്നയിനത്തിൽ 75,00,000 രൂപയും അവധി യാത്രാനുകൂല്യം എന്ന ഇനത്തിൽ 5,88,000 രൂപയും 06—വാടക, കരം നികുതിയിനത്തിൽ 27,00,000 രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. വിവിധ തസ്തികകളിലായി 35 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന വിവിധ പരീക്ഷകൾ, ശാരീരികക്ഷമതാ പരിശോധന, ഡ്രൈവിംഗ് ടെസ്റ്റ് തുടങ്ങിയവ ഈ സാമ്പത്തികവർഷം നടപ്പാക്കേണ്ടതുള്ളതിനാൽ '28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ' എന്ന ഇനത്തിൽ 5,00,00,000 രൂപയും '34—മറ്റു ചെലവുകൾ' എന്ന ഇനത്തിൽ 2,10,00,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052—സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ

2052-00-090-66—സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻഹൗസ് ട്രെയിനിംഗ് സെൽ

വിഹിതം : 4,00,000 രൂപ (നോൺ പ്ലാൻ)

6. പൊതുഭരണ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ പരിശീലന പരിപാടികളും ഇൻഹൗസ് ട്രെയിനിംഗ് സെന്റർവഴി നൽകുന്നതിന് ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, 4,83,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-86—പാർലമെന്ററികാര്യ വകുപ്പ്

34—മറ്റു ചെലവുകൾ

വിഹിതം : 95,19,000 രൂപ

7. അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡെസ്ക് എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ, എറ്റേണൽ അസംബ്ലി, എക്സ്ചേഞ്ച് പ്രോഗ്രാം, പഴയ നിയമസഭാ മന്ദിരത്തിൽ ചരിത്ര സംഭവങ്ങളുടെ വിഷ്വൽ പ്രസന്റേഷൻ നടപ്പാക്കൽ, ഭരണ നിർവ്വഹണച്ചെലവുകൾ എന്നിവയ്ക്കായി മേല്പറഞ്ഞ ശീർഷകത്തിൽ 1,10,00,000 രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 95,19,000 രൂപ മാത്രമാണ് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളത് എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വിഹിതം അപര്യാപ്തമായതിനാൽ 14,81,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-72—കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിന്റെ വേതനവും അലവൻസും

01—ശമ്പളം

വിഹിതം : 1,06,36,000 രൂപ

8. ക്ഷാമബത്താ വർദ്ധനവ്, ക്ഷാമബത്ത കുടിശ്ശിക, ലീവ് സറണ്ടർ, ശമ്പളപരിഷ്കരണം മുതലായവയ്ക്കുള്ള ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ബഡ്ജറ്റിൽ വകകൊള്ളിച്ച തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 15,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02—വേതനം

വിഹിതം : 30,00,000 രൂപ

9. എം.പി.മാരുടെ ഡ്രൈവർമാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം നൽകേണ്ടതായിട്ടുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 30,00,000 രൂപയ്ക്ക് പുറമെ 8,01,200 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-94—പാകിസ്ഥാനിലെയും മറ്റു വിദേശരാജ്യങ്ങളിലെയും പൗരന്മാരെ സംബന്ധിച്ച ഏജൻസി ജോലികൾ

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 1,000 രൂപ

10. ഈ ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-97—മറ്റു മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

04-1—യാത്രാബത്ത

വിഹിതം : 45,52,000 രൂപ

11. മുൻ സാമ്പത്തികവർഷത്തെ 5 ലക്ഷത്തോളം രൂപയുള്ള ബില്ലുകൾ തീർപ്പാക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 4,48,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-4—അവധിയാത്രാനുകൂല്യം

വിഹിതം : 2,49,000 രൂപ

12. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം, കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്ക് പര്യാപ്തമല്ല. ആയതിനാൽ നിലവിലെ വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 1,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 13,77,000 രൂപ

13. ഫണ്ട് ദൗർലഭ്യം നിമിത്തം മുൻവർഷം കുടിശ്ശികയായ 5,00,000 രൂപയുടെ മെഡിക്കൽ ക്ലെയിമുകൾ തീർപ്പാക്കാനുള്ളതിനാലും പലിശരഹിത ചികിത്സാ വായ്പയുടെ ക്രമീകരണത്തിനായി 10,00,000 രൂപ ആവശ്യമുള്ളതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 15,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-98—മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 1,21,000 രൂപ

14. 2014-15 വർഷം 1,91,250 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ആയത് കണക്കിലെടുക്കുമ്പോൾ നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1,50,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-99—അഡ്മിനിസ്റ്റേറ്റീവ് സെക്രട്ടേറിയറ്റ്

വിഹിതം : 107,17,07,000 രൂപ

15. ഈ ശീർഷകത്തിലെ വിവിധ കണക്കിനങ്ങളിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഓരോ കണക്കിനത്തിലും താഴെപ്പറയും പ്രകാരം അധികതുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | .. 10,00,000 രൂപ |
| 02—വേതനം | .. 20,00,000 രൂപ |
| 04-4—അവധിയാത്രാനുകൂല്യം | .. 8,00,000 രൂപ |
| 05-1—വെള്ളക്കരം | .. 1,00,000 രൂപ |
| 05-3—ടെലിഫോൺ ചെലവുകൾ | .. 40,00,000 രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | .. 1,75,000 രൂപ |
| 34—മറ്റ് ചെലവുകൾ | .. 23,00,000 രൂപ |
| 45—പി.ഒ.എൽ. | .. 80,000 രൂപ |

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

വിഹിതം : 4,44,86,000 രൂപ

16. നടപ്പുസാമ്പത്തികവർഷത്തിൽ വിവരാവകാശ കമ്മീഷന് ടെലിഫോൺ ചെലവ്, മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീയിനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 05-3—ടെലിഫോൺ ചെലവ് എന്ന ഇനത്തിലും 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിലും 2,00,000 രൂപ വീതം അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് ഗതാഗതയോഗ്യമായ വാഹനങ്ങൾ അത്യന്താപേക്ഷിതമായതിനാൽ പുതിയ വാഹനം വാങ്ങുന്നതിനായി ആവശ്യപ്പെട്ട 40,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2251—സെക്രട്ടേറിയറ്റ് സാമൂഹ്യ സർവ്വീസുകൾ

2251-00-090-99—സെക്രട്ടേറിയറ്റ്

04-4—അവധിയാത്രാനുകൂല്യം

വിഹിതം : 3,21,000 രൂപ

18. മുൻസാമ്പത്തിക വർഷം ചെലവായ തുക നടപ്പുവർഷവും പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 3,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451—സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ

3451-00-090-98—നിയമ വകുപ്പിന്റെ നവീകരണം

വിഹിതം : 80,00,000 രൂപ (പ്ലാൻ)

19. നിയമ വകുപ്പിന്റെ നവീകരണ പദ്ധതിയുടെ രണ്ട്, മൂന്ന്, നാല് ഘടകങ്ങളുടെ നടത്തിപ്പിന് 2015-16 സാമ്പത്തികവർഷം 57 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും ഒന്നാം ഘടകത്തിന് മുൻവർഷം 31,00,000 രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും ആകെ 88,00,000 രൂപ ഇതിലേക്ക് ആവശ്യമുള്ളതായി സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 8,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.)

3451-00-101-69—സംസ്ഥാന പരിശീലന നയം—പരിശീലന പരിപാടി

വിഹിതം : 11,50,00,000 രൂപ (പ്ലാൻ)

20. നടപ്പുസാമ്പത്തികവർഷത്തിൽ സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി പരിശീലന പരിപാടി നടത്തുന്നതിന് 26,70,74,400 രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. ഈ പരിശീലന പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15,20,74,400 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-101-99—സംസ്ഥാന ആസൂത്രണ ബോർഡ്

വിഹിതം : 45,00,000 രൂപ (പ്ലാൻ)

8,22,76,000 രൂപ (നോൺ പ്ലാൻ)

21. സംസ്ഥാന ആസൂത്രണ ബോർഡിന് വിവിധ കണക്കിനങ്ങളിൽ നോൺ പ്ലാനിൽ അനുവദിച്ച ബജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി

മനസ്സിലാക്കുന്നു. ആയതിനാൽ 02—വേതനം 7,00,000 രൂപ, 05-1—വെള്ളക്കരം 1,00,000 രൂപ, 05-2—വൈദ്യുതചെലവ് 10,00,000 രൂപ, 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണിയും 2,00,000 രൂപ എന്നിങ്ങനെ ഓരോ കണക്കിനത്തിലും അധിക തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-102-99—ജില്ലാ പ്ലാനിംഗ് വിഭാഗം

വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

14,92,97,000 രൂപ (നോൺ പ്ലാൻ)

22. ഈ ശീർഷകത്തിൻ കീഴിലുള്ള വേതനം, യാത്രാബത്ത ഇനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 02—വേതനം ഇനത്തിൽ 7,00,000 രൂപയും 04-1—യാത്രാബത്ത ഇനത്തിൽ 2,50,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വിവരസാങ്കേതികവിദ്യാ വകുപ്പ്

3451-00-101-87-01—കേരള വിവര സാങ്കേതികത്വ സർവ്വീസ് സൊസൈറ്റി—സംസ്ഥാന പദ്ധതി—ജനറൽ

വിഹിതം : 63,38,00,000 രൂപ (പ്ലാൻ)

23. കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (കെസ്വാൻ), ഫ്രണ്ട്സ് എന്നീ പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ ഈ പദ്ധതികൾക്കായി യഥാക്രമം 10,10,00,000 രൂപ, 99,00,000 രൂപ എന്നിങ്ങനെ ആകെ 11,09,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-101-52—അക്ഷയ പദ്ധതി

വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

24. അക്ഷയ പദ്ധതിയിലെ വിവിധ ഘടകങ്ങളുടെ നടത്തിപ്പിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-101-39—യൂത്ത് എന്റർപ്രണർഷിപ്പ്

വിഹിതം : 30,00,00,000 രൂപ (പ്ലാൻ)

25. സ്റ്റാർട്ടപ് സംരംഭകർക്കായി വാഗ്ദാനം ചെയ്തിരിക്കുന്ന സഹായങ്ങൾക്ക് 10,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ III—നീതിന്യായ നിർവ്വഹണം

വോട്ടുചെയ്യുത് : 575,68,69,000 രൂപ

ചാർജ്ജ് ചെയ്യുത് : 100,40,55,000 രൂപ

2014-00-102-99—ഹൈക്കോടതി

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

വിഹിതം : 1,000 രൂപ

26. ഹൈക്കോടതി ജഡ്ജിമാർക്കുവേണ്ടി, കാലപ്പഴക്കംചെന്ന മോട്ടോർ വാഹനങ്ങൾ (11 എണ്ണം) മാറ്റി വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 1,75,99,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-105-95—മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ

വിഹിതം : 1,64,74,000 രൂപ

27. ഈ ശീർഷകത്തിലെ 02—വേതനം എന്നയിനത്തിൽ 3,00,000 രൂപയും 05-3—ടെലിഫോൺ ചാർജ്ജ് എന്നയിനത്തിൽ 1,00,000 രൂപയും 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നയിനത്തിൽ 1,00,000 രൂപയും 45—പി.ഒ.എൽ. എന്നയിനത്തിൽ 3,00,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-105-99—സിവിലും സെഷൻസും കോടതികൾ

99—വിവരസാങ്കേതികവിദ്യ

വിഹിതം : 3,00,000 രൂപ

28. ജുഡീഷ്യൽ ഓഫീസർമാർക്ക് ലാപ്ടോപ്പുകളും പ്രിന്ററുകളും വാങ്ങുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾക്കുമായി ബഡ്ജറ്റിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2,74,80,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-108-99—ക്രിമിനൽ കോടതി

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

വിഹിതം : 1,000 രൂപ

29. കല്പറ്റ കോടതിയിൽ പഴയ കാർ മാറ്റിവാങ്ങുന്നതിനും ആലപ്പുഴ, മഞ്ചേരി കോടതികളിൽ കണ്ടംചെയ്യു വാഹനത്തിനുപകരം പുതിയ വാഹനം വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 20,99,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-114-92—സ്ഥിര ലോക് അദാലത്ത്

വിഹിതം : 1,19,28,000 രൂപ

30. ഈ ശീർഷകത്തിലെ 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്, 04-2—സ്ഥലംമാറ്റബത്ത, 04-4—അവധിയാത്രാനുകൂല്യം, 05-2—വൈദ്യുത ചെലവ്, 05-3—ടെലിഫോൺ ചെലവ് എന്നീ ഉപശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിലും യഥാക്രമം 2,35,000 രൂപ, 49,000 രൂപ, 1,93,000 രൂപ, 28,000 രൂപ, 30,000 രൂപ എന്നിങ്ങനെ തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-114-93—കേരള സംസ്ഥാന നിയമ സഹായ സമിതി

വിഹിതം : 10,30,62,000 രൂപ

31. ഈ ശീർഷകത്തിൽ വിവിധ കണക്കിനങ്ങളിലായി അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ ഓരോന്നിലും താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | .. 22,00,000 രൂപ |
| 04-1—യാത്രാബത്ത | .. 12,42,000 രൂപ |
| 04-2—സ്ഥലംമാറ്റബത്ത | .. 2,82,000 രൂപ |
| 04-4—അവധിയാത്രാനുകൂല്യം | .. 4,08,000 രൂപ |
| 05-2—വൈദ്യുതച്ചെലവ് | .. 1,88,000 രൂപ |
| 05-3—ടെലിഫോൺ ചെലവ് | .. 2,00,000 രൂപ |
| 05-4—മറ്റിനങ്ങൾ | .. 11,00,000 രൂപ |
| 06—വാടക, കരം, നികുതി | .. 9,00,000 രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും | .. 2,36,000 രൂപ |
| 34—മറ്റു ചെലവുകൾ | .. 9,00,00,000 രൂപ |
| 45—പി. ഒ. എൽ. | .. 2,92,000 രൂപ |

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

32. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിക്കും 7 ജില്ലാ ഓഫീസുകളിൽ മുഴുവൻസമയ സെക്രട്ടറിമാരായി നിയമിതരായ ജുഡീഷ്യൽ ഓഫീസർമാർക്കും വാഹനം വാങ്ങുന്നതിലേക്ക് 66,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

വിഹിതം : 4,47,65,000 രൂപ (നോൺ പ്ലാൻ)

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

33. ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളവും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രതിഫലവും ലീഗൽ അസിസ്റ്റന്റുമാരുടെ വാർഷിക ശമ്പള ആനുപാതിക വർദ്ധനവും ഈ ശീർഷകത്തിൽനിന്നാണ് വഹിക്കുന്നത്. കൂടാതെ ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്കുള്ള വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള വേതന ഇനത്തിലും വാഹനത്തിനുള്ള ഇന്ധന ചെലവിനത്തിലുമുള്ള ചെലവും പ്രതീക്ഷിക്കുന്നതിനാൽ ബഡ്ജറ്റിലെ വിഹിതം പര്യാപ്തമാവുകയില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1,46,65,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-114-99—ലാ ഓഫീസർമാർ

വിഹിതം : 38,44,91,000 രൂപ

34. ഈ ശീർഷകത്തിലെ അവധിയാത്രാനുകൂല്യം, വെള്ളക്കരം, മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റു ചെലവുകൾ, പി.ഒ.എൽ. എന്നീ ഉപശീർഷകങ്ങളിലായി ബഡ്ജറ്റിൽ വകയിരുത്തിയ തുക തുലോം കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 04-4—അവധിയാത്രാനുകൂല്യം 4,90,000 രൂപ, 05-1—വെള്ളക്കരം 1,00,000 രൂപ, 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും 3,35,000 രൂപ, 34—മറ്റു ചെലവുകൾ 3,00,00,000 രൂപ, 45—പി.ഒ.എൽ. 3,50,000 രൂപ എന്നിങ്ങനെ ഓരോ ഇനത്തിലും അധിക തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-116-99—സംസ്ഥാന ഭരണ നിർവ്വഹണ മധ്യസ്ഥ കോടതി

വിഹിതം : 4,35,18,000 രൂപ

35. സംസ്ഥാന ഭരണ നിർവ്വഹണ മധ്യസ്ഥ കോടതിയുടെ സുഗമമായ പ്രവർത്തനത്തിനായി വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, 01—ശമ്പളം എന്ന ശീർഷകത്തിൽ 50,00,000 രൂപയും 02—വേതനം എന്ന ശീർഷകത്തിൽ 3,64,000 രൂപയും 04-1—യാത്രാബത്ത എന്ന ശീർഷകത്തിൽ 1,62,000 രൂപയും 04-4—അവധിയാത്രാനുകൂല്യം എന്ന ശീർഷകത്തിൽ 42,000 രൂപയും 05-2—വൈദ്യുതി ചാർജ് എന്ന ശീർഷകത്തിൽ 1,20,000 രൂപയും 05-4—മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 17,30,000 രൂപയും 18—സംരക്ഷണം എന്ന ശീർഷകത്തിൽ 99,000 രൂപയും 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണിയും എന്ന ശീർഷകത്തിൽ 2,46,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. കമ്മീഷനിൽ പുതുതായി ചുമതലയേൽക്കുന്ന ജുഡീഷ്യൽ അംഗത്തിന്റെ ആവശ്യത്തിലേക്കായും എറണാകുളം അഡീഷണൽ ബെഞ്ചിന്റെ ഉപയോഗത്തിലേക്കും ഓരോ കാർ വാങ്ങുന്നതിന് 34,00,000 രൂപ 21-1—വാഹനം വാങ്ങൽ എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-117-99—കുടുംബകോടതി

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

വിഹിതം : 1,000 രൂപ

37. ആറ്റിങ്ങൽ, ചവറ, ഇരിങ്ങാലക്കുട, ഒറ്റപ്പാലം, തിരൂർ, മാവേലിക്കര, പത്തനംതിട്ട, പാലാ, കട്ടപ്പന എന്നീ കുടുംബകോടതികളിൽ പുതിയ വാഹനം വാങ്ങുന്നതിനും എറണാകുളം കുടുംബകോടതിയിലെ കണ്ടംചെയ്ത വാഹനത്തിനുപകരം പുതിയ വാഹനം വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 69,99,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-85—ഇ-കോടതി നടപ്പാക്കൽ

വിഹിതം : 1,000 രൂപ

38. ബാക്ക് ലോഗ് ഡാറ്റാ എൻട്രിക്ക് വേണ്ടിയുള്ള ഫണ്ട്, ഡീസൽ ജനറേറ്റർ സെറ്റുകൾ പ്രവർത്തനമാക്കുന്നതിനും മനുഷ്യവിഭവശേഷി നൽകിയതിനുമുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 1,90,19,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-87—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

വിഹിതം : 1,000 രൂപ

39. 450-ഓളം സബോർഡിനേറ്റ് കോടതികളുടെ സുഗമമായ പ്രവർത്തനത്തിനായി, കമ്പ്യൂട്ടർ വാങ്ങുന്നതിലേക്ക് 3,23,54,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-93—സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക

06—വാടക-കരം-നികുതി

വിഹിതം : 1,40,00,000 രൂപ

40. 200-ൽ അധികം ജുഡീഷ്യൽ ഓഫീസർമാർ വാടകവീടുകളിലാണ് താമസിക്കുന്നത്. ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 64,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ IV—തെരഞ്ഞെടുപ്പുകൾ

വോട്ടുചെയ്യുന്നത് : 112,24,47,000 രൂപ

ചാർജ് ചെയ്യുന്നത് : ഇല്ല

2015-00-101-99—സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

വിഹിതം : 3,72,10,000 രൂപ

41. 2015-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു തെരഞ്ഞെടുപ്പ് നടത്തുന്നതിനാൽ ഈ ശീർഷകത്തിലെ താഴെപ്പറയുന്ന ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഓരോ ഇനത്തിലും താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | |
|---|---|
| 02—വേതനം | .. 2,50,000 രൂപ |
| 04-1—യാത്രാബത്ത | .. 24,00,000 രൂപ |
| 04-4—അവധിയാത്രാനുകൂല്യം | .. 3,70,000 രൂപ |
| 05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ | .. 10,00,000 രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും | .. 2,00,000 രൂപ |
| 45—പി.ഒ.എൽ. | .. 2,70,000 രൂപ |

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

42. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ടും സംസ്ഥാനത്തുടനീളം യാത്രകൾ നടത്തേണ്ടതായിട്ടുണ്ട്. കമ്മീഷണർ നിലവിൽ ഉപയോഗിച്ചുവരുന്ന വാഹനം കാലപ്പഴക്കത്താൽ ഉപയോഗയോഗ്യമല്ലാത്തതിനാൽ പ്രസ്തുത വാഹനം കണ്ടം ചെയ്ത് പുതിയ കാർ വാങ്ങുന്നതിനായി മേൽ ശീർഷകത്തിൽ 20,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-103-99—സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും—നിയമസഭയും പാർലമെന്റും

വിഹിതം : 28,25,70,000 രൂപ

43. 2015-16 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പ് 50,04,54,000 രൂപയുടെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നത്. മുൻ സാമ്പത്തിക വർഷത്തിൽ ബൂത്ത് ലെവൽ ഓഫീസർമാർക്ക് നൽകേണ്ട വാർഷിക പ്രതിഫലം ഫണ്ടിന്റെ അഭാവത്തിൽ നൽകാൻ സാധിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ 15,42,53,000 രൂപയുടെ ബാദ്ധ്യത നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ, ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റത്തിന് ഈ വർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുമായി അധികച്ചെലവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട 50,04,54,000 രൂപയിൽ ശേഷിക്കുന്ന 21,78,84,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-105-99—പാർലമെന്റിലേക്ക് തെരഞ്ഞെടുപ്പുകൾ നടത്താനുള്ള ചെലവ്—ലോക്സഭ

വിഹിതം : 1,00,04,000 രൂപ (നോൺ പ്ലാൻ)

44. 2014-ലെ ലോക്സഭാ ഇലക്ഷനുമായും പാർലമെന്റ് തെരഞ്ഞെടുപ്പുമായും ബന്ധപ്പെട്ട ക്ലെയിമുകൾ തീർപ്പാക്കുന്നതിലേക്ക് ഈ ശീർഷകത്തിൽ 1,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-106-99—സംസ്ഥാന കേന്ദ്രഭരണപ്രദേശ നിയമസഭകളിലേക്ക് തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനുള്ള ചെലവ്

വിഹിതം : 5,000 രൂപ

45. അരുവിക്കര നിയോജകമണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടതിനും 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രാരംഭച്ചെലവിനുമായി 3,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-108-99—<u>സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതിന്</u>

വിഹിതം : 2,50,00,000 രൂപ

46. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം നടത്തിവരുന്ന നാഷണൽ ഇലക്ടറൽ റോൾ പ്യൂരിഫിക്കേഷൻ ആന്റ് ഓതന്റിക്കേഷൻ പ്രോഗ്രാം (NERPAP) പ്രകാരം ഇലക്ടറൽ റോളിന്റെ ശുദ്ധീകരണ പ്രക്രിയയും സമ്മതിദായകർക്ക് ഫോട്ടോ പതിച്ച പ്ലാസ്റ്റിക് ഇലക്ടറൽ തിരിച്ചറിയൽ കാർഡ് വിതരണവും നടന്നുവരുന്നതായി സമിതി മനസ്സിലാക്കുന്നു. നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>ഈ ശീർഷകത്തിൽ 12,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2015-00-109-99—<u>പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ—നടത്തിപ്പ്</u>

34—<u>മറ്റു ചെലവുകൾ</u>

വിഹിതം : 70,00,00,000 രൂപ

47. സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും പുതുതായി രൂപീകരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2015-ാമാണ്ടിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതുണ്ട്. പ്രസ്തുത തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെ വിവിധ ചെലവുകൾ വഹിക്കുന്നതിലേക്ക് അനുവദിച്ച 70 കോടി രൂപ പര്യാപ്തമല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സംസ്ഥാനത്തെ 1400 ഓളം വരുന്ന ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷൻ എന്നിവയിൽ പൊതുതെരഞ്ഞെടുപ്പ് സുഗമമായി നടത്തുന്നതിനായി <u>ഈ ശീർഷകത്തിൽ 40,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2015-00-110-99—<u>സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ</u>

വിഹിതം : 5,000 രൂപ

48. 2015-ലെ പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുന്നതിനായാണ് 5-1-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി നടപ്പുവർഷം വെറും 5,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്.

ഇത് തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലെ ഉപശീർഷകങ്ങളിൽ ചുവടെപ്പറയും പ്രകാരം തുക അധികം ചേർത്ത് ആകെ 40,10,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | |
|---|---|
| 01—ശമ്പളം | .. 18,00,000 രൂപ |
| 02—വേതനം | .. 4,00,000 രൂപ |
| 04—യാത്രാച്ചെലവുകൾ | .. 2,00,000 രൂപ |
| 05—ഓഫീസ് ചെലവുകൾ | |
| -1 വെള്ളക്കരം | .. 10,000 രൂപ |
| -2 വൈദ്യുതി ചെലവ് | .. 50,000 രൂപ |
| -3 ടെലിഫോൺ ചെലവ് | .. 50,000 രൂപ |
| -4 മറ്റിനങ്ങൾ | .. 4,00,000 രൂപ |
| 06—വാടക, കരം, നികുതി | .. 4,00,000 രൂപ |
| 34—മറ്റു ചെലവുകൾ | .. 6,00,000 രൂപ |
| 45—പി. ഒ. എൽ. | .. 1,00,000 രൂപ |
| ആകെ | 40,10,000 രൂപ |

## ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

വോട്ടുചെയ്തത്: 3135,84,21,000 രൂപ

ചാർജ് ചെയ്തത്: 5,73,45,000 രൂപ

2055—പോലീസ്

49. 2015-16 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പോലീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി വിവിധ മൈനർ ഹെഡ്ഡുകളിലായി ആകെ 2961.6372 കോടി രൂപ പദ്ധതിയേതര ഇനത്തിലും 57 കോടി രൂപ പദ്ധതി ഇനത്തിലും വകയിരുത്തിയിട്ടുണ്ട്. പദ്ധതിയേതര ഇനത്തിൽ വിവിധ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് 02—വേതനം 2,49,82,000 രൂപ, 04-1—യാത്രാബത്ത 17,65,36,000 രൂപ, 05-4—മറ്റിനങ്ങൾ 2,06,98,000 രൂപ, 12—സ്കോളർഷിപ്പും സ്റ്റൈപന്റും 4,65,00,000 രൂപ, 17—ചെറുകിട മരാമത്ത് പണികൾ 26,90,000 രൂപ, 21-2—വാഹനങ്ങളുടെ അറ്റകുറ്റപ്പണി 1,98,65,000 രൂപ, 34—മറ്റ് ചെലവുകൾ 3,10,27,000 രൂപ,

45—പി.ഒ.എൽ. 19,35,14,000 രൂപ എന്നിങ്ങനെ ഓരോ കണക്കിനത്തിലും തുക അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4055-00-207-96—പുതിയ പോലീസ് സ്റ്റേഷനുകൾ

50. ഈ ശീർഷകത്തിൽ 1,000 രൂപ മാത്രമാണ് നടപ്പുസാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ച തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി കേന്ദ്രമായുള്ള പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി 67,36,406 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4055-00-800-94—പോലീസ് സ്റ്റേഷനുകളും ക്വാർട്ടേഴ്സുകളും മറ്റ് കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് വസ്തു വാങ്ങൽ

51. ഈ ശീർഷകത്തിൽ 1,000 രൂപ മാത്രമാണ് നടപ്പുസാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. കണ്ണവം, മുഴിയാർ പോലീസ് സ്റ്റേഷനുകളുടെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് യഥാക്രമം 6,62,253 രൂപ, 7,73,142 രൂപ വനം വകുപ്പ്, കെ.എസ്.ഇ.ബി. എന്നിവയ്ക്ക് നൽകാനുള്ളതിനാൽ പ്രസ്തുത തുകകൾ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2062-00-103-99—കേരള ലോകായുക്ത

വിഹിതം : 5,64,28,000 രൂപ

52. ഈ ശീർഷകത്തിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വേതനം, യാത്രാബത്ത, സ്ഥലംമാറ്റബത്ത, വൈദ്യുതി ചാർജ്, മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റു ചെലവുകൾ, പി.ഒ.എൽ. എന്നീ കണക്കിനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. ആയതിനാൽ ഈ കണക്കിനങ്ങളിൽ താഴെപ്പറയും പ്രകാരം അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | .. 2,30,000 രൂപ |
| 02—വേതനം | .. 5,00,000 രൂപ |
| 04-1—യാത്രാബത്ത | .. 1,00,000 രൂപ |
| 04-2—സ്ഥലംമാറ്റബത്ത | .. 1,90,000 രൂപ |
| 05-2—വൈദ്യുതിചാർജ് | .. 1,20,000 രൂപ |
| 21-2—വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും | .. 2,36,000 രൂപ |
| 34—മറ്റ് ചെലവുകൾ | .. 1,00,000 രൂപ |
| 45—പി. ഒ. എൽ. | .. 2,00,000 രൂപ |

05-4—മറ്റിനങ്ങൾ

53. 2015-16 വർഷത്തേക്ക് ഈ ശീർഷകത്തിൽ 25,00,000 രൂപ ആവശ്യപ്പെട്ടതിൽ 6 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പുതുതായി സ്ഥാനമേൽക്കുന്ന ഉപലോകായുക്തയുടെ ഔദ്യോഗിക വസതി നവീകരിക്കുന്നതിന് 3,00,000 രൂപയുടെ ചെലവും ഹോം ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിന് 1,80,000 രൂപയുടെ ചെലവും ലോകായുക്തയുടെയും ഉപലോകായുക്തയുടെയും ഓഫീസ് മുറികളിലെ ശീതീകരണ യന്ത്രങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനായി 3,25,000 രൂപയുടെ ചെലവും കോടതിയുടെ ഡയസ് നവീകരിക്കുന്നതിനായി 5,00,000 രൂപയുടെ ചെലവും ഓഫീസ് കെട്ടിടം വാടക കെട്ടിടത്തിലേക്ക് മാറ്റുന്നതിന് 7,00,000 രൂപയുടെ ചെലവും നടപ്പുസാമ്പത്തിക വർഷം ഉണ്ടാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ 19,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

54. ലോകായുക്ത, രജിസ്ട്രാർ എന്നിവരുടെ ഔദ്യോഗിക വസതികൾക്ക് പ്രതിമാസ വാടക യഥാക്രമം 29,000 രൂപ 16,750 രൂപ എന്നിവയുടെ ചെലവും ഓഫീസ് കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് പ്രതിമാസം 3,00,000 രൂപയുടെ ചെലവും പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 41,49,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

55. നടപ്പുവർഷം ബജറ്റ് വിഹിതമായി തുകയൊന്നും അനുവദിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ പോലീസ് ഉദ്യോഗസ്ഥർ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന മഹീന്ദ്ര ജീപ്പിന്റെ കാലാവധി കഴിഞ്ഞതിനാൽ പുതിയ വാഹനം വാങ്ങുന്നതിനായി 8,00,000 രൂപയും ലോകായുക്തയുടെ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന് ഔദ്യോഗിക വാഹനം വാങ്ങുന്നതിനായി 15,00,000 രൂപയും വിവിധ ജില്ലകളിലെ ക്യാമ്പ് സിറ്റിംഗിനായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് യാത്ര ചെയ്യുന്നതിന് ഒരു പുതിയ വാഹനം വാങ്ങുന്നതിനായി 8,00,000 രൂപയും കേരള ലോകായുക്ത രജിസ്ട്രാർ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന അംബാസഡർ കാർ പഴക്കം ചെന്നതിനാൽ ദൈനംദിനാവശ്യത്തിന് ഒരു സ്വിഫ്റ്റ് ഡിസയർ കാർ വാങ്ങുന്നതിന് 8,00,000 രൂപയും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ പ്രസ്തുത ആവശ്യങ്ങളിലേക്ക് ആകെ 39,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2062-00-104-99—വിജിലൻസ്

വിഹിതം : 70,37,48,000 രൂപ

04-1—യാത്രാബത്ത

56. മുൻ വർഷത്തെ യാത്രാബത്ത കുടിശ്ശിക നൽകാനുള്ളതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 90,00,000 രൂപ പര്യാപ്തമാകുകയില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ 20,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-4—അവധിയാത്രാനുകൂല്യം

57. ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 5,02,000 രൂപ തികച്ചും അപര്യാപ്തമായതിനാൽ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-4—മറ്റിനങ്ങൾ

58. 'വിജിലൻസ്' വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസിനും ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനുമായി അധിക തുക ആവശ്യമായി വരുന്നതിനാൽ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

59. സ്പെഷ്യൽ സെൽ, എറണാകുളം, പത്തനംതിട്ട, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ഓഫീസുകളുടെ കുടിശ്ശിക നൽകാനുള്ളതും മുൻവർഷം 10 ലക്ഷം രൂപ റീഅപ്രോപ്രിയേറ്റ് ചെയ്ത് ചെലവഴിച്ചതും ~~ക്കുകയും ചെയ്തത്~~ കണക്കിലെടുത്ത്, 10,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15—രഹസ്യസേവന ചെലവുകൾ

60. വിജിലൻസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇന്റലിജൻസ് ശേഖരിക്കുന്നതിനും അടിയന്തരവും മറ്റു ശീർഷകങ്ങളിൽ നിന്ന് ചെലവഴിക്കാൻ സാധിക്കാത്തതുമായ വിജിലൻസ് അന്വേഷണം/വിജിലൻസ് കേസ് അന്വേഷണം എന്നിവയ്ക്ക് രഹസ്യസേവന ചെലവുകൾ ആവശ്യമായി വരുന്നു. വിജിലൻസിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2062-00-105-94—<u>എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം</u>

വിഹിതം : 75,57,000 രൂപ

61. ഓഫീസ് കെട്ടിട വാടകയും വാടക കുടിശ്ശികയും ജഡ്ജിയുടെ ഔദ്യോഗിക വസതിയുടെ വാടകയും കൂടി 7,60,000 രൂപയുടെ ചെലവ് നടപ്പുസാമ്പത്തികവർഷം പ്രതീക്ഷിക്കുന്നതിനാൽ ഈ ഇനത്തിൽ അനുവദിച്ച 3,60,000 രൂപയ്ക്ക് പുറമേ <u>4,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

62. കൂടാതെ സ്ഥലംമാറ്റബത്തയിനത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ഇനത്തിൽ <u>1,00,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2062-00-105-95—<u>എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട്</u>

വിഹിതം : 79,19,000 രൂപ

63. പുതുതായി ചുമതലയേൽക്കുന്ന ജഡ്ജിയുടെ താമസസൗകര്യത്തിനും കെട്ടിട ഉടമയ്ക്ക് വാടക പുതുക്കി നൽകുന്നതിനും പുതിയ ജഡ്ജിക്ക് സ്ഥലംമാറ്റബത്ത നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൻ കീഴിൽ വിവിധ ഇനങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>01-ശമ്പളം ഇനത്തിൽ 3,00,000 രൂപയും 02—വേതനം ഇനത്തിൽ 50,000 രൂപയും 04-2 സ്ഥലംമാറ്റബത്ത ഇനത്തിൽ 1,00,000 രൂപയും 06—വാടക, കരം, നികുതി ഇനത്തിൽ 6,75,000 രൂപയും (കെട്ടിട വാടകയ്ക്ക് 2,00,000 രൂപയും കെട്ടിട വാടക പുതുക്കുന്നതിലേക്ക് 4,75,000 രൂപയും) ചേർത്ത് ആകെ 11,25,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2062-00-105-96—<u>എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം</u>

വിഹിതം : 1,04,08,000 രൂപ

99—<u>വിവരസാങ്കേതികവിദ്യ</u>

64. കമ്പ്യൂട്ടറുകളുടെ വാർഷിക റിപ്പയറിംഗ്, ഇന്റർനെറ്റ് കണക്ഷൻ എന്നിവയ്ക്കായി 1 ലക്ഷം രൂപ വകുപ്പ് ആവശ്യപ്പെട്ടിരുന്നെങ്കിലും 15,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക തുലോം കുറവായതിനാൽ <u>ഈ ശീർഷകത്തിൽ 85,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2062-00-105-99—വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം

വിഹിതം : 84,76,000 രൂപ

65. 2012-13 മുതൽ 2014-15 വരെയുള്ള സാമ്പത്തികവർഷങ്ങളിലെ വാടക കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിലെ 06—വാടക, കരം, നികുതി ഇനത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIII—ജയിലുകൾ

വോട്ടുചെയ്യുന്നത് : 101,44,16,000 രൂപ

ചാർജ് ചെയ്യുന്നത് : ഇല്ല

2056-00-101-99—ജയിലുകൾ

66. കഴിഞ്ഞ സാമ്പത്തികവർഷം ഫണ്ടിന്റെ അപര്യാപ്തതമൂലം തടവുകാരുടെ ആഹാരത്തിനുള്ള ചെലവു വഹിക്കുന്ന 56—ഭക്ഷണവും ധനസഹായവും എന്ന ഇനത്തിലും 05-1—വെള്ളക്കരം എന്നയിനത്തിലും ഏകദേശം 4 കോടി രൂപയുടെ ബില്ലുകൾ തീർപ്പാക്കാനുള്ളതായി സമിതി മനസ്സിലാക്കുന്നു. തടവുകാരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്, ആഹാരസാധനങ്ങളുടെയും മറ്റു ദൈനംദിന പദാർത്ഥങ്ങളുടെയും വിലയിലുണ്ടാകുന്ന വർദ്ധനവ്, കൂടാതെ പ്രിസൺസ് റൂൾസ് പരിഷ്കരിച്ചതു പ്രകാരം ആഹാരസാധനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിച്ചതിലുള്ള അധികച്ചെലവ്, തടവുകാരുടെ വേതനം, ബാറ്റ, മരുന്ന്, ചികിത്സാച്ചെലവുകൾ, വാഹനങ്ങളുടെ ഇന്ധനച്ചെലവ് എന്നിവയും പരിഗണിക്കുമ്പോൾ ബഡ്ജറ്റിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ഈ ശീർഷകത്തിൽ 8,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIV—സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

വോട്ടുചെയ്യുന്നത് : 366,96,68,000 രൂപ

ചാർജ് ചെയ്യുന്നത് : 10,000 രൂപ

2058—സ്റ്റേഷനറിയും അച്ചടിയും

2058-00-001-99—ഭരണവും നടത്തിപ്പും—നടത്തിപ്പ്

വിഹിതം : 10,42,42,000 രൂപ

67. ഈ ശീർഷകത്തിൻ കീഴിലുള്ള 02—വേതനം, 06—വാടക, കരം, നികുതി, 21.2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീയിനങ്ങളിലെ

ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 02—വേതനം എന്ന ഇനത്തിൽ 10,00,000 രൂപയും 06—വാടക, കരം, നികുതി എന്ന ഇനത്തിൽ 2,50,000 രൂപയും 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ 2,92,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

68. സ്റ്റേഷനറി വകുപ്പിന് ഒരു പുതിയ കാർ വാങ്ങുന്നതിലേക്ക് 8,00,000 രൂപ ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

69. ഈ ശീർഷകത്തിൻ കീഴിലെ താഴെപ്പറയുന്ന ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു:

18—സംരക്ഷണം

വിഹിതം : 1,50,000 രൂപ

70. വകുപ്പിൽ സ്ഥാപിച്ചിട്ടുള്ള വെയ്ബ്രിഡ്ജ്, കമ്പ്യൂട്ടറുകൾ, ഇ.പി.എ.ബി.എക്സ്., പേപ്പർ ടെസ്റ്റിംഗ് ലാബ് എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഇതിലേക്ക് 1,50,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19—യന്ത്രോപകരണങ്ങൾ

വിഹിതം : 13,00,000 രൂപ

71. വിവിധ ഓഫീസുകൾക്ക് ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ, ഇലക്ട്രോണിക് വെയിംഗ് ബാലൻസ് എന്നിവ വാങ്ങി നൽകേണ്ടതായുള്ളതിനാൽ ഈ ശീർഷകത്തിൽ 17,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24—സാധനസമഗ്രികൾ

വിഹിതം : 19,50,00,000 രൂപ

72. 2014-15 സാമ്പത്തികവർഷത്തെ കടിശ്ശിക തീർക്കുന്നതിനും ഗവ. പ്രസ്സുകൾക്ക് അച്ചടിക്കും സർക്കാർ ഓഫീസുകൾക്ക് ആവശ്യമുള്ള വിവിധതരം പേപ്പറുകളും സ്റ്റേഷനറി സാധനങ്ങളും വാങ്ങി നൽകുന്നതിനുമായി നിലവിലെ ബഡ്ജറ്റ് പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 25,50,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4058-00-800-97—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ

വിഹിതം : 1,70,00,000 രൂപ (പ്ലാൻ)

73. കോഴിക്കോട് മേഖലാസ്റ്റേഷനറി ഓഫീസിനും വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിനും പുതിയ കെട്ടിടങ്ങൾ പണിയുന്നതിനായി അനുവദിച്ച തുക അപര്യാപ്തമാണ്. ഈ ശീർഷകത്തിൽ 1,03,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2058-00-001-92—സ്റ്റേഷനറി വകുപ്പിന്റെ ആധുനികവൽക്കരണം

വിഹിതം : 25,00,000 രൂപ (പ്ലാൻ)

74. പേപ്പർ ടെസ്റ്റിംഗ് ലാബിന് ആവശ്യമായ ബെന്റിംഗ് സ്റ്റിഫ്നസ് ടെസ്റ്റർ (Bending Stiffness Tester) വാങ്ങുന്നതിന് 25 ലക്ഷം രൂപയും കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി പുതിയ മെഷീനുകളും പ്രിന്ററുകളും വാങ്ങുന്നതിന് 8.6 ലക്ഷം രൂപയും ഉൾപ്പെടെ 33.6 ലക്ഷം രൂപ വകുപ്പ് ആവശ്യപ്പെട്ടതിൽ 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ കമ്പ്യൂട്ടറൈസേഷന്റെ പൂർത്തീകരണത്തിനായി വകുപ്പ് ആവശ്യപ്പെട്ട 8,60,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070—മറ്റു ഭരണപരമായ സർവ്വീസുകൾ

2070-00-003-97—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

5,46,76,000 രൂപ (നോൺ പ്ലാൻ)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം—ശമ്പളേതരം

75. ഐ.എം.ജി. തിരുവനന്തപുരം, ബാർട്ടൻ ഹിൽ കാമ്പസിൽ എക്സിക്യൂട്ടീവ് ഹോസ്റ്റലിന്റെ ഫർണിഷിംഗിന് ആവശ്യമായ തുക, കൊച്ചി, കോഴിക്കോട് റീജിയണൽ

സെന്ററുകളിലെ മൂലധന ചെലവുകൾക്കായുള്ള തുക, കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിലെ ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള തുക എന്നിവയ്ക്ക് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 17,90,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31—സഹായധനം—ശമ്പളം

വിഹിതം : 5,46,76,000 രൂപ

76. യു.ജി.സി. നടപ്പിലാക്കിയ ജീവനക്കാർക്കുള്ള കുടിശ്ശിക തുക നൽകുമ്പോൾ വരുന്ന അധിക ബാദ്ധ്യത കൂടിയുള്ളതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമാകുകയില്ല. ആയതിനാൽ 6,42,92,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-107-99—ഹോം ഗാർഡ്സ്

വിഹിതം : 33,00,00,000 രൂപ

77. പോലീസിനേയും അഗ്നിശമനസേനയേയും സഹായിക്കാനായിട്ടാണ് ഹോം ഗാർഡുകളെ നിയമിച്ചിട്ടുള്ളത്. ഇവരുടെ എണ്ണം 3000 ത്തിൽ നിന്നും 5000 ആക്കി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നതിനാലും ഇവർക്ക് ദിവസവേതനം 400 രൂപ എന്ന നിരക്കിൽ വർഷം മുഴുവൻ നൽകുന്നതിനും നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ കണക്കിനത്തിൽ 10,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-90—ആധുനിക ജീവൻ രക്ഷാ സാമഗ്രികൾ, അഗ്നിപ്രതിരോധ വാഹനങ്ങൾ, ഉപകരണങ്ങൾ, എന്നിവയുടെ വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

വിഹിതം : ഇല്ല

78. കേന്ദ്രസർക്കാർ ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി 2011-12 സാമ്പത്തിക വർഷത്തിൽ 17,73,19,000 രൂപ അനുവദിച്ചതിൽ ശേഷിക്കുന്ന 6,47,40,475 രൂപ നടപ്പുസാമ്പത്തികവർഷം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-91—അഗ്നിശമനസേനാ വകുപ്പിലുള്ള ആസ്തി പരിശീലനം, ആസ്തി പരിപാലന ഫണ്ടിൽ നിന്നുള്ള ചെലവുകൾ

വിഹിതം : 1,000 രൂപ

79. അഗ്നിശമനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും അത്യാധുനിക ഉപകരണങ്ങളും വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും വസ്തു വകകളും ഉൾപ്പെടുന്ന ആസ്തികൾ പരിപാലിക്കുന്നതിനും അഗ്നിശമനസേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-92—അഗ്നിശമനവും അടിയന്തര സർവ്വീസുകളും ശക്തിപ്പെടുത്തൽ

വിഹിതം : ഇല്ല

80. പതിനൊന്നാം പഞ്ചവത്സര പദ്ധതി പ്രകാരം രാജ്യത്തെ അഗ്നിശമന സേനയെയും അടിയന്തര സർവ്വീസുകളേയും ശക്തിപ്പെടുത്തുന്നതിനായുള്ള 75 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം 3,32,50,000 രൂപയാണ് കേരളത്തിന് വിഹിതമായി ലഭിച്ചത്. 2010-11 വർഷത്തിൽ 14,27,046 രൂപയും 2011-12 വർഷത്തിൽ 52,32,503 രൂപയും പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്. 2012-13 വർഷത്തിൽ 2,63,67,000 രൂപ അനുവദിച്ചെങ്കിലും ആയത് ഭരണപരമായ കാലതാമസംമൂലം ചെലവഴിക്കാൻ കഴിഞ്ഞില്ലെന്നും തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത തുക പുതുക്കി നൽകിയിരുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നടപ്പുസാമ്പത്തികവർഷം പ്രസ്തുത തുക (2,63,67,000 രൂപ) പുതുക്കി അനുവദിച്ച നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-94—അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം

വിഹിതം : 28,00,00,000 രൂപ (പ്ലാൻ)

81. സേനയുടെ നവീകരണത്തിനായി ബൃഹത്തായ കർമ്മ പരിപാടികൾ ഓരോ സാമ്പത്തിക വർഷവും ആസൂത്രണം ചെയ്യുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ഇവ നടപ്പാക്കാൻ സാധിക്കാതെ പോകുന്നതായി സമിതി വീക്ഷിച്ചു. അക്കാദമിക്ക് പദ്ധതിയേതര ഇനത്തിൽ 2 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ അക്കാദമിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി നോൺ പ്ലാനിൽ 2,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-96—മറ്റു ചെലവുകൾ

വിഹിതം : 10,000 രൂപ

82. അഗ്നിശമന സേനാംഗങ്ങളുടെ വിശിഷ്ട സേവനത്തിന് പാരിതോഷികം നൽകുന്നതിന് വകുപ്പ് ആവശ്യപ്പെട്ട 5,00,000 രൂപയിൽ 1,00,000 രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളത്. ഇത് ~~തീരെ~~ അപര്യാപ്തമായതിനാൽ ഇതിലേക്ക് 4,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-97—പരിശീലനം

വിഹിതം : 1,19,46,000 രൂപ

83. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയെ ദേശീയ നിലവാരത്തിലുള്ളതാക്കി മാറ്റുന്നതിന് സർക്കാർ വിഭാവനം ചെയ്യുന്നു. പുതുതായി സർവ്വീസിൽ പ്രവേശിച്ച മിനിസ്റ്റീരിയൽ വിഭാഗം ഒഴികെയുള്ള എല്ലാ ജീവനക്കാർക്കുമുള്ള പരിശീലനം വിവിധ തസ്തികകളിലെ ജീവനക്കാരുടെ ഇൻ-സർവ്വീസ് പരിശീലനം, ഉദ്യോഗക്കയറ്റത്തിനായുള്ള യോഗ്യതാപരീക്ഷകളുടെ നടത്തിപ്പ്, ഹോംഗാർഡ്സിനുള്ള പരിശീലനം എന്നിവ അക്കാദമിയിൽ നടത്തിവരുന്നു. പുതിയ ഫയർമാൻമാരുടെ പരിശീലനം ആരംഭിക്കുന്ന സാഹചര്യത്തിൽ അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, പരിശീലനോപകരണങ്ങൾ വാങ്ങുന്നതിനും, അക്കാദമിയിൽ പഠനക്ലാസുകൾ നയിക്കുന്ന വ്യക്തികൾക്ക് പ്രതിഫലം എന്നിവയ്ക്ക് അധികതുക വകയിരുത്തേണ്ടതുണ്ട്. ഫയർ സർവ്വീസ് മേഖലയിൽ വിദേശത്തും കേരളത്തിനുപുറത്തും ഉദ്യോഗം നേടുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് നിലവാരമുള്ള കോഴ്സുകൾ നടത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വിവിധ കണക്കിനങ്ങളിലായി അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ഇനത്തിൽ 3,00,000 രൂപയും 04—യാത്രാ ചെലവുകൾ എന്ന ഇനത്തിൽ 2,50,000 രൂപയും 05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ എന്ന ഇനത്തിൽ 1,00,000 രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

84. കൂടാതെ പുതിയ ഫയർമാൻമാരുടെ ട്രെയിനിംഗ് ആരംഭിക്കുന്ന സാഹചര്യത്തിൽ അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ട്രെയിനിംഗ് ഉപകരണങ്ങൾ വാങ്ങുന്നതിനും അക്കാദമിയിൽ ക്ലാസ് എടുക്കുന്ന വ്യക്തികൾക്ക് പ്രതിഫലം നൽകുന്നതിനുമായി 34—മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 50,00,000 രൂപ കൂടി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-98—പ്രതിരോധവും നിയന്ത്രണവും

(01)—ജില്ലാ ജീവനക്കാർ

വിഹിതം : 143,13,23,000 രൂപ

85. ഈ ശീർഷകത്തിലെ വിവിധ കണക്കിനങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരം ഓരോ ഇനത്തിലും തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | .. 15,00,000 രൂപ |
| 02—വേതനം | .. 10,00,000 രൂപ |
| 04—യാത്രാച്ചെലവുകൾ | .. 70,00,000 രൂപ |
| 05—ഓഫീസ് ചെലവുകൾ | .. 25,00,000 രൂപ |
| 17—ചെറുകിട മരാമത്ത് പണികൾ | .. 50,00,000 രൂപ |
| 18—സംരക്ഷണം | .. 50,00,000 രൂപ |
| 34-3—മറ്റ് ചെലവുകൾ—മറ്റിനം | .. 20,00,000 രൂപ |

2070-00-108-99—അഗ്നിപ്രതിരോധവും നിയന്ത്രണവും—ഭരണവും നടത്തിപ്പും.

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

വിഹിതം : 20,00,000 രൂപ

86. സംസ്ഥാനത്തൊട്ടാകെ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സേനാംഗങ്ങളുടെ യൂണിഫോമിനും ചട്ടപ്രകാരം സുരക്ഷിതത്വത്തിനായി വാങ്ങി നൽകേണ്ട യൂണിഫോമിനും രക്ഷാപ്രവർത്തനത്തിനുമുള്ള യന്ത്രസാമഗ്രികളും വാഹനങ്ങളും വാങ്ങുന്നതിനും മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ല. രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് 05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 1,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-1—വാഹനം വാങ്ങൽ

വിഹിതം : ഇല്ല

87. രക്ഷാപ്രവർത്തനത്തിന് ആധുനിക വാഹനങ്ങളുടേയും യന്ത്രസാമഗ്രികളുടേയും ആവശ്യമുണ്ടെങ്കിലും ആധുനികവത്ക്കരണത്തിന് വകയിരുത്തുന്ന പ്ലാൻ ഫണ്ട് ഇതിന് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പഴക്കം ചെന്ന വാഹനങ്ങളും

യന്ത്രസാമഗ്രികളും ലേലം ചെയ്തു റില്ലുന്നതിനാൽ ഈ സേവനമേഖലയുടെ പ്രവർത്തന ശേഷിയും രക്ഷാപ്രവർത്തനങ്ങളുടെ കാര്യക്ഷമതയും അനുദിനം കുറഞ്ഞുവരികയും അത് സംസ്ഥാനത്തിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കാനിടയാക്കുകയും ചെയ്യുന്നു. ഈ ശീർഷകത്തിൽ കഴിഞ്ഞ വർഷങ്ങളിലൊന്നും തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 10,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 23,00,000 രൂപ

88. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ ഇതിലേക്ക് 13,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26—ഔദ്യോഗിക ഭാഷാപ്രയോഗം

വിഹിതം : 1,000 രൂപ

89. ഔദ്യോഗികഭാഷയുടെ പ്രചരണത്തിനും ഉന്നമനത്തിനുമായി 1,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

വിഹിതം : 4,51,000 രൂപ

90. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറിയുടെ കാറിന്റെ ദിവസവേതന ഡ്രൈവർക്കും കൂടാതെ പരിഭാഷാ/സൂക്ഷ്മ പരിശോധനാ ജോലികൾക്കുമായി താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചവർക്കും വേതനം നൽകുന്നതിനും വകുപ്പിലെ വാഹനത്തിന്റെ ഇന്ധനച്ചെലവിനത്തിലും അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 02—വേതനം ഇനത്തിൽ 30,000 രൂപയും 45—പി.ഒ.എൽ. ഇനത്തിൽ 40,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34—മറ്റു ചെലവുകൾ

വിഹിതം : 1,25,000 രൂപ

91. ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഭരണഭാഷാ പരിശീലനം, മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, ശില്പശാല സംഘടിപ്പിക്കൽ, ഭരണഭാഷാ സഹായഗ്രന്ഥങ്ങൾ വാങ്ങി വിതരണം ചെയ്യൽ, ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യൽ തുടങ്ങിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി. ഭരണഭാഷാവ്യാപന നടപടികൾ ഊർജ്ജിതമായി നടത്തുന്നതിനുമായി

നടപ്പുവർഷം 4 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1,25,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക ഭാഷാപരിശീലനം നൽകുന്നതിനായി 2,66,87,500 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-119-98—ഔദ്യോഗികഭാഷാ കമ്മീഷൻ

വിഹിതം : 2,48,98,000 രൂപ (നോൺ പ്ലാൻ)

92. ഔദ്യോഗികഭാഷാ കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് 02—വേതനം, 05-2—വൈദ്യുതച്ചെലവ്, 05-4—മറ്റിനങ്ങൾ, 06—വാടക, കരം, നികുതി എന്നീ ശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ 02—വേതനം എന്ന ശീർഷകത്തിൽ 20,00,00,000 രൂപയും 05-2—വൈദ്യുതച്ചെലവ് എന്ന ശീർഷകത്തിൽ 1,50,00,000 രൂപയും 05-4—മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 30,00,00,000 രൂപയും 06—വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 31,55,80,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26—ഔദ്യോഗിക ഭാഷാപ്രയോഗം

വിഹിതം : 1,000 രൂപ

93. വകുപ്പിന്റെ ഭാഷാപരിപോഷണ പ്രവർത്തനങ്ങൾക്ക് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഇതിലേക്ക് 1,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIII—വാർത്താവിതരണവും പ്രചരണവും

വോട്ടുചെയ്യുന്നത് : 70,53,19,000 രൂപ

ചാർജ് ചെയ്യുന്നത് : ഇല്ല

2220-01-001-95—ന്യൂസ് ഗ്രിഡിന്റെ സംയോജിത വികസന പദ്ധതി

വിഹിതം : 80,00,000 രൂപ (പ്ലാൻ)

94. നടപ്പുവർഷം എല്ലാ ബ്ലോക്കുകളിലേക്കും നഗരസഭകളിലേക്കും കോർപ്പറേഷനുകളിലേക്കും വ്യാപിപ്പിക്കുന്നതിനും PRISM (Public Relations, Information and Service Management) എന്ന പേരിൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നതിനാൽ ഇതിലേക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 80,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-01-001-98—ജില്ലാപ്രചരണ ഓഫീസുകൾ

21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 2,50,000 രൂപ

95. ജില്ലാ പ്രചരണ ഓഫീസുകളിലെ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റ പണികൾക്കുമായി ഈ ശീർഷകത്തിൽ 3,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-01-001-99—പബ്ലിക്ക് റിലേഷൻസ് ഡയറക്ടറേറ്റ്

വിഹിതം : 5,84,97,000 രൂപ (നോൺ പ്ലാൻ)

96. ഈ ശീർഷകത്തിൻകീഴിൽ യാത്രാബത്ത, മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും, വാഹനങ്ങൾക്കുള്ള ഇന്ധനച്ചെലവ് എന്നീയിനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, 04-1—യാത്രാബത്ത, 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും, 45—പി.ഒ.എൽ. എന്നീ ശീർഷകങ്ങളിലായി യഥാക്രമം 3,00,000 രൂപ, 1,75,000 രൂപ, 1,00,000 രൂപ എന്നിങ്ങനെ തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-01-001-99-21-1—മോട്ടോർ വാഹനങ്ങൾ വാങ്ങൽ

2220-01-001-98-21-1—മോട്ടോർ വാഹനങ്ങൾ വാങ്ങൽ

വിഹിതം : ഇല്ല

97. പബ്ലിക്ക് റിലേഷൻസ് ഡയറക്ടറേറ്റിലും വകുപ്പിന്റെ അഞ്ച് ജില്ലാ ഓഫീസുകളിലും ആറ് മേഖലാ ഓഫീസുകളിലും 12 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളാണുള്ളതെന്നും ഇവ മാറ്റിവാങ്ങേണ്ടതിന്റെ ആവശ്യകതയും സമിതിയിൽ വെളിവാക്കപ്പെട്ടു. ഇത്തരത്തിലുള്ള ജില്ലാ ഓഫീസുകളിലെ 5 വാഹനങ്ങൾക്കും മേഖലാ ഓഫീസുകളിലെ 6 വാഹനങ്ങൾക്കും ഡയറക്ടറേറ്റിലെ 4 വാഹനങ്ങൾക്കും പകരമായി പുതിയവ വാങ്ങുന്നതിന് മേൽ ശീർഷകങ്ങളിലായി 1,25,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-101-96—വജ്രകേരളം

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

98. കേരളപ്പിറവിയുടെ 60-ാം വാർഷികം സമുചിതമായി ആഘോഷിക്കുന്നതിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. ആഘോഷത്തിന്റെ ഭാഗമായി സെമിനാറുകൾ, പ്രദർശനങ്ങൾ, പ്രത്യേകം തയ്യാറാക്കിയ സാംസ്കാരിക പരിപാടികൾ, ദൃശ്യ-ശ്രാവ്യ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-101-97-01—പരസ്യത്തിനുള്ള ചെലവുകൾ—അച്ചടി മാധ്യമം

വിഹിതം : 7,00,00,000 രൂപ

99. വികസന പദ്ധതികളുടെ പരസ്യപ്രചരണത്തിൽ ചെലവ് ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതിനാലും മുൻവർഷം ഈ ശീർഷകത്തിൽ 13 കോടി രൂപയുടെ ചെലവ് വന്നിട്ടുള്ളതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 5,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-101-98—പ്രചരണസാമഗ്രികൾ

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

100. ജനപഥം, കേരള കോളിംഗ് ഹോൾഡർ, പോസ്റ്റർ, ലഘുലേഖകൾ, വികസന സമന്വയം എന്നീ പ്രചരണ സാമഗ്രികളുടെ അച്ചടി, രൂപകല്പന, വിതരണം തുടങ്ങിയവയുടെ ചെലവിനും നടപ്പുസാമ്പത്തിക വർഷം വികസന സമന്വയം എന്ന ടാബ്ലോയിഡ് പത്രം മാസത്തിൽ രണ്ടു പ്രതികളായി 15 ലക്ഷം കോപ്പി അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള ചെലവിനുമായി നിലവിലെ വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 14,00,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-101-99—പരസ്യവും ദൃശ്യ പ്രചരണവും

വിഹിതം : 10,00,00,000 രൂപ (നോൺ പ്ലാൻ)

101. സർക്കാരിന്റെ ക്ഷേമ-വികസന പ്രവർത്തങ്ങളെക്കുറിച്ച് ദിനപത്രങ്ങളിലൂടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെയും പ്രദർശന പരസ്യങ്ങൾവഴി പൊതുജനങ്ങളിലെത്തിക്കുന്നതിനും വകുപ്പിന്റെ പരസ്യവിഭാഗം ആധുനികവൽക്കരിക്കുന്ന തുൾപ്പെടെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-106-97—അന്തർസംസ്ഥാന പൊതുജനസമ്പർക്കം

വിഹിതം : 15,00,000 രൂപ (പ്ലാൻ)

102. സംസ്ഥാനത്തെ മികച്ച വികസന മാതൃകകൾ ഇതര സംസ്ഥാനങ്ങളിലെ ജനങ്ങളെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാനത്തിനുപുറത്ത് മെട്രോ നഗരങ്ങളിൽ പത്രപ്രവർത്തകരുടെ സമ്മേളനങ്ങൾ, പ്രദർശനങ്ങൾ, സാംസ്കാരിക പരിപാടികൾ, വ്യാപാരമേളകൾ തുടങ്ങിയവ സംഘടിപ്പിക്കാനും കൂടാതെ സംസ്ഥാനത്തെ വികസനത്തെപ്പറ്റി പഠിക്കുന്നതിനായി അന്യസംസ്ഥാന-വിദേശ അച്ചടി-ദൃശ്യ-ശ്രാവ്യ-മാധ്യമ പ്രവർത്തകരെ ക്ഷണിക്കുന്നതിനും ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നു.

ഇതിലേക്ക് നടപ്പുസാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നതിനാൽ 25,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2220-60-110-99—പുസ്തക പ്രസിദ്ധീകരണം

വിഹിതം: 11,00,000 രൂപ

103. ജില്ലാ ഹാന്റ്ബുക്കുകളുടെ പുനഃപ്രസിദ്ധീകരണം, മീഡിയ ഹാന്റ്ബുക്ക്, കേരള ആൻ ഓതന്റിക് ഹാന്റ്ബുക്ക്, ഹെറിറ്റേജ് ഓഫ് കേരള സീരീസ് പ്രസിദ്ധീകരണങ്ങൾ, മറ്റു വൈജ്ഞാനിക ഗ്രന്ഥങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണത്തിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-800-81—കേരള സംസ്ഥാന നോൺ-ജേർണലിസ്റ്റ് പെൻഷൻ സ്കീം

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

104. സംസ്ഥാനത്തുനിന്ന് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ പത്രപ്രവർത്തകർ ഒഴികെയുള്ള തസ്തികകളിൽ ജോലി ചെയ്ത് വിരമിക്കുന്നവർക്കുള്ള ഈ ക്ഷേമ പദ്ധതിയിൽ പ്രതിമാസം 30 ലക്ഷം രൂപയുടെ ചെലവ് ഉണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. മുൻ സാമ്പത്തിക വർഷത്തെ 1,09,99,000 രൂപയുടെ കുടിശ്ശികയുൾപ്പെടെ നൽകുന്നതിലേക്ക് ഈ ശീർഷകത്തിൽ 3,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും

വോട്ടുചെയ്യുന്നത് : 996,65,97,000 രൂപ

ചാർജ് ചെയ്യുന്നത് : ഇല്ല

2230—തൊഴിലും തൊഴിൽ സൗകര്യങ്ങളും

2230-01-103-11—മടങ്ങിവന്ന കുടിയേറ്റക്കാരുടെ പുനരധിവാസം

വിഹിതം : 8,75,00,000 രൂപ (പ്ലാൻ)

105. നോർക്ക വകുപ്പിന്റെ കീഴിലെ പദ്ധതികൾ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള ഇരുപതിനായിരത്തിലധികം അപേക്ഷകർക്ക് മൂലധന സബ്സിഡി നൽകുന്നതിന് 20,00,00,000 രൂപയുടെ ചെലവും സൗദിയിലെ നിതാഖത്ത് നിയമം, ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്ക്കരണം എന്നിവയുടെ പശ്ചാത്തലത്തിൽ സമഗ്രപുനരധിവാസ

പദ്ധതി നടപ്പാക്കുന്നതിന് 30,00,00,000 രൂപയുടെ ചെലവും ഉണ്ടാകുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 6,25,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-39—നോർക്ക വകുപ്പിനു കീഴിലുള്ള സാന്ത്വന പദ്ധതി

വിഹിതം : 3,07,00,000 രൂപ (പ്ലാൻ)

106. മുൻ സാമ്പത്തികവർഷം സർക്കാർ ഉത്തരവായിട്ടുള്ള ധനസഹായത്തിൽ ഫണ്ടിന്റെ അപര്യാപ്തതയിൽ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്ത 7.5 കോടിയോളം രൂപ നൽകുന്നതിനും നടപ്പു സാമ്പത്തിക വർഷത്തെ ധനസഹായ വിതരണത്തിന്റെ ചെലവു കൂടി കണക്കിലെടുത്തും ഈ ശീർഷകത്തിൽ 12,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-40—പ്രവാസി മലയാളികളുടെ നൈപുണ്യം മെച്ചപ്പെടുത്തലും പുനഃസംയോജന പരിശീലനവും

വിഹിതം : 2,20,00,000 രൂപ (പ്ലാൻ)

107. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനായുള്ള സാങ്കേതിക പരിശീലനം നൽകുന്നതിനും ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനും വിദേശരാജ്യങ്ങളിലെ തൊഴിൽ മേഖലകളിൽ സാധ്യതകൾ കണ്ടെത്തുന്നതിന് ഉതകുന്ന ലഘു കോഴ്സുകൾ ക്രമീകരിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-43—പ്രവാസിക്ഷേമനിധി

വിഹിതം : 1,00,000 രൂപ (പ്ലാൻ)

108. അംഗങ്ങളുടെ അംശദായത്തിന് ആനുപാതികമായ സർക്കാർ വിഹിതം അടയ്ക്കുന്നതിന് ഈ തുക പര്യാപ്തമല്ല. ആയതിനാൽ 99,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-54—പ്രവാസി മലയാളികളെക്കുറിച്ചുള്ള ഡാറ്റാബേസ് തയ്യാറാകുന്നതിനുള്ള സർവ്വേ

വിഹിതം : ഇല്ല

109. ലോകത്തിലെ വിവിധ രാജ്യങ്ങളിലെ ശാസ്ത്രസാങ്കേതിക വ്യാവസായിക വിദ്യാഭ്യാസ മേഖലകളിലും മറ്റു വിദഗ്ദ്ധ മേഖലകളിലും ഉയർന്ന സ്ഥാനങ്ങൾ അലങ്കരിക്കുന്ന പ്രവാസികേരളീയരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ

മനുഷ്യ വിഭവശേഷിയുടെ സ്വരൂപിക്കലിനും അവരുടെ അറിവും അനുഭവവും സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയുക്തപ്പെടുത്താനും കഴിയുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രവാസികളുടെ ഡാറ്റാബേസ് കാലികമാക്കുന്നതിനും പൂർത്തിയാക്കുന്നതിനുമായി 25,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-67—പ്രവാസി മലയാളി ക്ഷേമ വകുപ്പ്

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

3,65,000 രൂപ (നോൺ പ്ലാൻ)

110. വകുപ്പിലെ ഡ്രൈവർമാരുടെ വേതനം നൽകുന്നതിനായി വേതനം എന്നയിനത്തിൽ അനുവദിച്ച തുകയും വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും വാഹനങ്ങളുടെ ഇന്ധനച്ചെലവിനും അനുവദിച്ച തുകയും മുൻ വർഷത്തിലേതിന് ആനുപാതികമല്ലായെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 02—വേതനം എന്നയിനത്തിൽ 2,25,000 രൂപയും 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നയിനത്തിൽ 60,000 രൂപയും 45—പി.ഒ.എൽ. എന്നയിനത്തിൽ 2,50,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-74—പ്രവാസി മലയാളികളെ അടിയന്തര സാഹചര്യത്തിൽ തിരിച്ച് കൊണ്ടുവരാനുള്ള നിധി

വിഹിതം : 50,00,000 രൂപ (പ്ലാൻ)

111. ഗൾഫ് രാജ്യങ്ങളിലും മറ്റ് വിദേശരാജ്യങ്ങളിലും നിലവിൽ വന്ന സ്വദേശിവൽക്കരണ നിയമങ്ങൾ, തൊഴിൽ അരക്ഷിതാവസ്ഥ, ആഭ്യന്തര കലാപങ്ങൾ തുടങ്ങിയവ കൂടുതൽ പ്രവാസി മലയാളികളെ മടങ്ങിവരാൻ നിർബന്ധിതരാക്കുന്നു. ഈ സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതം തുലോം കുറവാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-81—സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശമലയാളികളെ ആകർഷിക്കൽ

വിഹിതം : 50,00,000 രൂപ (പ്ലാൻ)

112. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളുമുൾപ്പെടെ വിവിധ രാജ്യങ്ങളിൽ പ്രവാസിമലയാളികൾക്കും ഇന്ത്യൻ വംശജർക്കും അവരുടെ അനുഭവങ്ങളിലൂടെ പങ്കുവയ്ക്കുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ നിക്ഷേപ താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കാനും ഉദ്ദേശിച്ചുകൊണ്ട് യോഗങ്ങളും

സെമിനാറുകളും സംഘടിപ്പിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യാവസായിക മേഖലയ്ക്ക് ഉണർവ്വേകുമെന്നും സമിതി വിലയിരുത്തി. മേൽപരാമർശിച്ച പ്രകാരമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 50,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

4250-00-201-94—നോർക്ക സെന്റർ കെട്ടിടം നിർമ്മിക്കൽ

വിഹിതം : ഇല്ല

113. നോർക്ക സെന്റർ കെട്ടിടത്തിൽ ആഡിറ്റോറിയം നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ 1,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

വോട്ടുചെയ്തത് : 2669,75,78,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2225-04-001-99—ന്യൂനപക്ഷ ക്ഷേമം—ഭരണവും നടത്തിപ്പും

114. ഈ ശീർഷകത്തിൽ ശമ്പളം, യാത്രാബത്ത, വൈദ്യുതച്ചെലവ്, വാടക-കരം-നികുതി, ചെറുകിട മരാമത്ത്പണികൾ, മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ കണക്കിനങ്ങളിൽ ലഭിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ കണക്കിനങ്ങളിൽ താഴെപ്പറയും പ്രകാരം തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | |
|---|---|
| 01-1—ശമ്പളം | .. 10,00,000 രൂപ |
| 04-1—യാത്രാബത്ത | .. 1,00,000 രൂപ |
| 05-2—വൈദ്യുതച്ചെലവ് | .. 25,000 രൂപ |
| 06—വാടക, കരം, നികുതി | .. 3,00,000 രൂപ |
| 17—ചെറുകിട മരാമത്ത് പണികൾ | .. 2,00,000 രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും | .. 20,000 രൂപ |

12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

115. വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാനുള്ള വരുമാനപരിധി ഉയർത്തിയിട്ടുള്ളതിനാൽ മുൻവർഷത്തേക്കാൾ അപേക്ഷകരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകാൻ സാധ്യതയുള്ളത് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 2,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-91—കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

31—സഹായധനം—ശമ്പളം

വിഹിതം : 46,40,00,000 രൂപ (പ്ലാൻ)

1,19,00,000 രൂപ (നോൺ പ്ലാൻ)

116. ക്ഷാമബത്താവർദ്ധനവ്, ഇൻക്രിമെന്റ്, ശമ്പള പരിഷ്കരണംമൂലമുണ്ടാകുന്ന വേതന വർദ്ധനവ്, യാത്രാബത്ത ഇനത്തിലുള്ള ചെലവ് എന്നിവ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 27,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം—ശമ്പളേതരം

വിഹിതം : 22,00,000 രൂപ

117. കമ്മീഷൻ അംഗങ്ങളുടെ ഫ്യൂവൽ അലവൻസ്, ഓഫീസ് കെട്ടിട വാടക, സെമിനാറുകൾ സംഘടിപ്പിക്കൽ തുടങ്ങിയ ചെലവുകൾക്ക് ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 33,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-94—ന്യൂനപക്ഷ ക്ഷേമ പ്രൊമോട്ടർമാരുടെ ഉൾപ്പെടുത്തൽ

വിഹിതം : 1,000 രൂപ

118. 1000 ന്യൂനപക്ഷക്ഷേമ പ്രൊമോട്ടർമാർക്ക് പ്രതിമാസം 4,000 രൂപ ഓണറേറിയം ഇനത്തിൽ നൽകുന്നതിന് 4,80,00,000 രൂപ ഒരു വർഷം ചെലവ് വരുന്നതിനാൽ ഈ ശീർഷകത്തിൽ 4,80,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-93—ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി

വിഹിതം : 10,40,00,000 രൂപ (പ്ലാൻ)

119. ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ കടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള ഈ പദ്ധതി പ്രകാരം മുൻവർഷം നിരവധി അപേക്ഷകൾ ലഭിച്ചിരുന്നു. ഈ വർഷവും കൂടുതൽ അപേക്ഷകൾ പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 9,60,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-283-99—ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിധവകൾക്ക് ഭവന പദ്ധതി

വിഹിതം : 25,00,00,000 രൂപ (പ്ലാൻ)

120. ബജറ്റ് വിഹിതമായി അനുവദിച്ച തുക അർഹരായ എല്ലാ അപേക്ഷകർക്കും ധനസഹായം നൽകുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-800-98—മദ്രസ അദ്ധ്യാപകർക്കുള്ള ക്ഷേമനിധി—നിക്ഷേപത്തിന്മേൽ പലിശ നഷ്ടത്തിനുള്ള നഷ്ടപരിഹാരം

വിഹിതം : 1,000 രൂപ

121. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലേക്ക് കോർപ്പസ് ഫണ്ട് ഇനത്തിൽ സർക്കാർ നൽകിയ 10 കോടി രൂപ പലിശരഹിത അക്കൗണ്ടിലേക്ക് മാറ്റിയതിനാൽ പലിശ ഇനത്തിൽ നഷ്ടമാകുന്ന തുകയ്ക്ക് ആനുപാതികമായ തുക സർക്കാർ ഗ്രാന്റിനത്തിൽ നൽകുന്നതിനും നടപ്പുവർഷം അംഗങ്ങൾക്ക് പെൻഷൻ നൽകിത്തുടങ്ങേണ്ടതിനാൽ വരുന്ന ചെലവിനും അധികതുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 6,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-04-190-99—കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ഓഹരി മൂലധനം

വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

122. പ്രഖ്യാപിക്കപ്പെട്ട വിവിധ പദ്ധതികളിലേക്ക് കൂടുതൽ വായ്പാ ധനസഹായം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 10,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഉമ്മൻ ചാണ്ടി,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XIV.*

തിരുവനന്തപുരം,
2015 മേയ് 6.